# പൈതൃകം - 2014
## ഡയറ്റ് തൃശ്ശൂർ

## ആമുഖം

ഓരോ മലയാളിയും നവംബർ ഒന്ന് 'കേരളപ്പിറവി ദിന'മായും 'മലയാള ദിന'മായും ആഘോഷിക്കുകയാണ്. കേരള സംസ്ഥാനം 1956 നവംബർ ഒന്നിന് ഭാഷാടിസ്ഥാനത്തിൽ രൂപം കൊള്ളുമ്പോൾ മലയാളിക്ക് പുതിയൊരാകാശവും പുതിയൊരു ഭൂമിയും സ്വന്തമാകുകയായിരുന്നു. അഭിമാനത്തിന്റെ ഈ സുന്ദരമുഹൂർത്തം നാം എത്ര പേർ ചരിത്രത്തിന്റെ താളുകളിലൂടെ അന്വേഷിക്കുകയും ആസ്വദിക്കുകയും ചെയ്തിട്ടുണ്ട് ? ആരൊക്കെയാണ് ഇതിനു പിന്നിൽ പ്രവർത്തിച്ചിട്ടുള്ളത് ? എന്തൊക്കെയാണ് ചരിത്രത്തിന്റെ നാഴികക്കല്ലുകളിൽ കൊത്തിവെച്ചിട്ടുള്ളത്? അതോടൊപ്പം ഭാഷാടിസ്ഥാനത്തിൽ രൂപപ്പെട്ട കൈരളിക്ക് ഭാഷാപരമായ എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടായിട്ടുള്ളത് ? നമ്മുടെ കലയുടെയും സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും വളർച്ചയ്ക്ക് കേരളപ്പിറവിയോടുകൂടി എത്രമാത്രം ശക്തിപ്പെടാൻ കഴിഞ്ഞു ? തുടങ്ങിയ അന്വേഷണ പഠനമാണ് **പൈതൃകം - 2014** പരിപാടിയിലൂടെ ഡയറ്റ് തൃശ്ശൂർ മുന്നോട്ട് വെക്കുന്നത്.

## ഉദ്ദേശ്യങ്ങൾ

- ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപപ്പെട്ടതിനെക്കുറിച്ചുള്ള ധാരണ നേടുന്നതിന്.
- മാതൃഭാഷയുടെ പൈതൃകവും വികാസവും തിരിച്ചറിയുന്നതിന്.
- നിശ്ചിത ക്ലാസ്സുകളിൽ കേരളപ്പിറവിയുമായി ബന്ധപ്പെട്ട് നേടിയ അറിവുകൾ പഠന നേട്ടങ്ങളായി മാറ്റുന്നതിന്.
- കുട്ടികളിൽ സർഗാത്മക ശേഷിയും അന്വേഷണാഭിമുഖ്യവും വളർത്തുന്നതിന്.

**വിദ്യാലയങ്ങളിൽ നടത്താവുന്ന പ്രവർത്തനങ്ങൾ**

ചില പ്രവർത്തനങ്ങളുടെ ആശയരൂപീകരണത്തിനുള്ള വിവരങ്ങളാണ് താഴെ കൊടുക്കുന്നത്. ടീച്ചർ കുട്ടികളുടെ നിലവാരത്തിനും കഴിവിനും അനുസരിച്ച് പ്രവർത്തന പദ്ധതികളാക്കി രൂപപ്പെടുത്തേണ്ടതാണ്. ഇതിലെ എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തണമെന്ന് നിർബന്ധമില്ല. ഏതെങ്കിലും ഒന്നോ രണ്ടോ പ്രവർത്തനങ്ങൾ കുട്ടികൾക്ക് രസകരമായി ചെയ്യാനുള്ള അവസരമാണ് ഒരുക്കേണ്ടത്. നവംബർ ഒന്നിന് ആരംഭിച്ച് ഒരു മാസത്തിനുള്ളിൽ പൂർത്തിയാകുന്ന വിധത്തിൽ പ്രവർത്തനം ആസൂത്രണം ചെയ്യാവുന്നതാണ്.

- ചരിത്രത്താളുകളിലേക്ക് ............

### ചരിത്രത്തിലേക്കൊരെത്തിനോട്ടം

- ബ്രിട്ടീഷുകാർ കേരളത്തെ മൂന്നു ഭരണഘടകങ്ങളാക്കിയാണ് ഭരിച്ചിരുന്നത്. മലബാർ, കൊച്ചി,തിരുവിതാകൂർ എന്നിങ്ങനെ വിഭജിക്കപ്പെട്ടെങ്കിലും ഐക്യകേരള ത്തിനു വേണ്ടിയുള്ള ശ്രമം മലയാളികൾ നേരത്തെ തന്നെ ആരംഭിച്ചിരുന്നു.
- ഐക്യകേരളത്തെക്കുറിച്ചുള്ള ആദ്യപ്രമേയം 1928 ൽ എറണാകുളത്തു ചേർന്ന നാട്ടുരാജ്യപ്രജാസമ്മേളനം അംഗീകരിച്ചു.
- ഇന്ത്യ സ്വതന്ത്ര്യമാകുമെന്ന് ഉറപ്പാകുന്ന ഘട്ടത്തിൽ 1940 നു ശേഷം ഐക്യകേരള പ്രസ്ഥാനം കൂടുതൽ ശക്തി പ്രാപിച്ചു.
- 1946 ൽ കൊച്ചിയിലെ കേരളവർമ്മ മഹാരാജാവ് കൊച്ചി നിയമസഭയിലേക്കയച്ച ഒരു സന്ദേശത്തിൽ മൂന്നു പ്രദേശവും ഒന്നാകുന്നതിനുള്ള അഭിപ്രായം രേഖപ്പെടുത്തി.

- ❖ 1947 ൽ തൃശ്ശൂരിൽവെച്ച് കെ. കേളപ്പന്റെ നേതൃത്വത്തിൽ ഐക്യ കേരള സമ്മേളനം നടന്നു.
- ❖ ഇന്ത്യാഗവൺമെന്റിന്റെ സ്റ്റേറ്റ് മിനിസ്ട്രി സർദാർ വല്ലഭായി പട്ടേലിന്റെ നേതൃത്വത്തിൽ നാട്ടുരാജ്യങ്ങളുടെ ലയനത്തിനുള്ള പദ്ധതികൾ ഐക്യകേരളത്തിന് ആക്കം കൂട്ടി.
- ❖ 1949 ജൂലൈ 1 ന് തിരുവിതാംകൂറും കൊച്ചിയും സംയോജിക്കപ്പെട്ടു. തിരുവിതാകൂർ മഹാരാജാവ് സംസ്ഥാനത്തിന്റെ രാജപ്രമുഖനായി. സംസ്ഥാനത്തിന്റെ ആസ്ഥാനം തിരുവനന്തപുരവും ഹൈക്കോടതി എറണാകുളമായിരിക്കണമെന്ന് തീരുമാനിച്ചു.
- ❖ തിരു-കൊച്ചി സംസ്ഥാനത്തിലെ ആദ്യ ജനകീയ മന്ത്രിസഭയിലെ മുഖ്യമന്ത്രിയായി, ടി.കെ. നാരായണപ്പിള്ള. തുടർന്ന് സി. കേശവൻ മുഖ്യമന്ത്രിയായി. എ.ജെ. ജോൺ, പട്ടം എ. താണുപ്പിള്ള, പനമ്പിള്ളി ഗോവിന്ദമേനോൻ തുടങ്ങിയവർ 1955 വരെ തിരു-കൊച്ചിയുടെ മുഖ്യമന്ത്രിമാരായി.
- ❖ ഇന്ത്യ ഗവൺമെന്റിന്റെ 1956 ലെ സംസ്ഥാന പുന:സംഘടനാ നിയമപ്രകാരം തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവങ്കോട് എന്നീ നാലു തെക്കൻ താലൂക്കുകളും ചെങ്കോട്ടത്താലൂക്കിന്റെ ഒരു ഭാഗവും തിരുകൊച്ചിയിൽനിന്നും വേർപ്പെടുത്തി മദിരാശി സംസ്ഥാനത്തോടു ചേർത്തു. തിരു - കൊച്ചിയോട് മലബാർ ജില്ലയും തെക്കൻ കാനറാ ജില്ലയിലെ കാസർഗോഡും ചേർത്ത് കേരളസംസ്ഥാനം രൂപം കൊണ്ടു. ഇതോടെ രാജപ്രമുഖനു പകരം ഗവർണർ അധികാരമേറ്റു. കേരളം രൂപം കൊണ്ടപ്പോൾ 5 ജില്ലകളാണ് ഉണ്ടായിരുന്നത്. (തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശൂർ, മലബാർ)
- ❖ ആദ്യ തെരഞ്ഞെടുപ്പ് 1957 ഫെബ്രുവരി മാർച്ച് മാസത്തിൽ നടന്നു. ഇ. എം. എസ് ആദ്യ മുഖ്യമന്ത്രിയായി അധികാരമേറ്റു.

### ❖ മലയാളിയും ശ്രേഷ്ഠഭാഷാ പദവിയും

പുരാതനത്വം കൊണ്ടും പാരമ്പര്യംകൊണ്ടും 1500 - 2000 വർഷം പഴക്കം രേഖപ്പെടുത്തിയ തെളിവുകളും (Text) പുരാതന സാഹിത്യ പാരമ്പര്യവും മറ്റു ഭാഷാസാഹിത്യത്തിൽനിന്ന് കടമെടുക്കാത്ത മൗലിക രചനകൾ ഉള്ളതും ലാറ്റിൻ, സംസ്കൃതം, പാലി, ആധുനിക ഇന്തോ - ആര്യൻ ഭാഷകളിൽനിന്ന് വേറിട്ട് നിൽക്കുന്ന സ്വഭാവം പ്രകടിപ്പിക്കുകയും ചെയ്യുന്ന ഭാഷകളെയാണ് ഇന്ത്യാ ഗവൺമെന്റ് 'ക്ലാസിക്കൽ' എന്ന പദവികൊണ്ട് അർത്ഥമാക്കുന്നത്. മലയാള ഭാഷക്ക് ഇതിന്റെ അടിസ്ഥാനത്തിൽ 2013 ൽ ശ്രേഷ്ഠഭാഷാ പദവി ലഭിച്ചു. ഇതിനുവേണ്ടി നമ്മുടെ പാരമ്പര്യം തെളിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാറിന് കേരള സർക്കാർ ധാരാളം തെളിവുകൾ സമർപ്പിച്ചിട്ടുണ്ട്.

- അശോക ചക്രവർത്തിയുടെ രണ്ടാംശാസനത്തിലെ കേതലപുതോ എന്ന വാക്ക് കേരളമെന്ന ഭൂവിഭാഗത്തെയാണ് സൂചിപ്പിക്കുന്നത്.(ബി.സി. 300)
- അഷ്ടാധ്യായി, വാല്മീകി രാമായണം, മഹാഭാരതം എന്നീ കൃതികളിലും കേരള പരാമർശം ഉണ്ട്.
- വയനാട്ടിലെ എടയ്ക്കൽ ഗുഹയിലെ നാലു ലിഖിതങ്ങളിൽ മലയാള ഭാഷയുടെ സാന്നിധ്യമുണ്ട്.
- ഐങ്കുറുനൂറ്, പതിറ്റുപത്ത്, ചിലപ്പതികാരം എന്നീ കൃതികൾ ഉണ്ടായത് കേരളത്തിലാണ്.

- സംഘം കൃതികളിൽ ധാരാളം മലയാള പദങ്ങൾ കാണാം.
- രാമചരിതം, ഭാഷാകൗടലീയം, കണ്ണശ രാമായണം, ഭാഷാ ഭഗവത്ഗീത, ഭാരതമാല, രാമകഥപ്പാട്ട്, കൃഷ്ണഗാഥ, കൂത്ത്, കൂടിയാട്ടം, മണിപ്രവാളം, വൈശികതന്ത്രം, പ്രാചീന ചമ്പുക്കൾ, സന്ദേശ കാവ്യങ്ങൾ, പദ്യ രത്നം, സ്തവങ്ങൾ, അനന്തപുര വർണ്ണനം, ചന്ദ്രോത്സവം, ഉത്തര മണിപ്രവാളം, ഭക്തിപ്രസ്ഥാനം, എഴുത്തച്ഛനും പൂന്താനവും, ആട്ടകഥാ സാഹിത്യം, തുള്ളൽ സാഹിത്യം, നാടോടി വിജ്ഞാനീയം, മലയാള വൃത്തങ്ങൾ, മാപ്പിള സാഹിത്യം തുടങ്ങിയ ഭാഷാസാഹിത്യ പ്രസ്ഥാനങ്ങളും കൃതികളും മലയാള ഭാഷയുടെ തനതു പാരമ്പര്യം കാത്തു സൂക്ഷിക്കുന്നവയാണ്.

ഇത്തരം ഭാഷാ സാഹിത്യ പഠനങ്ങളിലേക്ക് കുട്ടികളുടെ അന്വേഷണ താല്പര്യത്തെ നയിക്കാവുന്നതാണ്.

| ക്ലാസിക്കൽഭാഷാ പദവി ലഭിച്ച ഭാഷകൾ |
|---|
| 2004 - തമിഴ് |
| 2005 - സംസ്കൃതം |
| 2008 - തെലുങ്ക്, കന്നഡ |
| 2013 - മലയാളം |
| 2014 - ഒറിയ |

## മിത്തുകൾ ഐതിഹ്യങ്ങൾ

- ❖ പ്രദേശികമായ മിത്തുകളും ഐതിഹ്യങ്ങളും ധാരാളമുള്ള പ്രദേശമാണ് തൃശ്ശൂർ ജില്ല. കുട്ടികൾ അവരുടെ സ്കൂൾ പരിസരവുമായി ബന്ധപ്പെട്ട് മിത്തുകളും ഐതിഹ്യങ്ങളും ശേഖരിക്കട്ടെ.

## സ്ഥല നാമ പഠനം

- ❖ സ്ഥല നാമ പഠനം - ഓരോ പ്രദേശത്തിന്റെയും ഭൂതകാല ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന രസകരമായ പഠന മേഖലയാണ് സ്ഥലനാമ പഠനം.

## ഉത്സവാഘോഷങ്ങൾ

- ❖ ഉത്സവാഘോഷങ്ങൾ - പ്രദേശികമായ ഉത്സവാഘോഷങ്ങളുടെ ചരിത്രം കുട്ടികൾക്ക് പ്രാദേശിക അന്വേഷണത്തിന് താല്പര്യം ജനിപ്പിക്കുന്നവയാണ്. മാതൃകയായി ചില ഉത്സവാഘോഷങ്ങൾ താഴെ കൊടുക്കുന്നു. നിങ്ങളുടെ പ്രദേശവുമായി ബനധപ്പെട്ടവ കണ്ടെത്തുമല്ലോ.
  - ❖ തൃശ്ശൂർപൂരം (വടക്കുംനാഥൻ, പാറമേക്കാവ്, തിരുവമ്പാടി)
  - ❖ കൊടുങ്ങല്ലൂർ ഭരണി
  - ❖ ഗുരുവായൂർ, തൃപ്രയാർ,നെല്ലുവായ് ഏകാദശി
  - ❖ കൊരട്ടിപ്പള്ളി ഉത്സവം
  - ❖ കുമ്മാട്ടി
  - ❖ പുലിക്കളി
  - ❖ പുത്തൻപള്ളി തിരുന്നാൾ

- വള്ളംകളി ( കണ്ടശാംകടവ്, തൃപ്രയാർ, കോട്ടപ്പുറം ...........)
- മണത്തല ചന്ദനക്കുടം നേർച്ച
- ആറാട്ടുപുഴപൂരം
- ഇരിഞ്ഞാലകുട കൂടൽമാണിക്യക്ഷേത്രോത്സവം
- തിരുവില്വാമല പുനർജ്ജനി നൂഴൽ
- വിദ്യാരംഭം (തിരുവുള്ളക്കാവ്)

**കേരളത്തിലെ കലാ സാംസ്കാരിക കേന്ദ്രങ്ങൾ**

- കേരളത്തിലെ കലാ സാംസ്കാരിക കേന്ദ്രങ്ങളെക്കുറിച്ച് മനസ്സിലാക്കുക എന്നത് ഏറെ ശ്രമകരമാണെങ്കിലും നമ്മുടെ ജില്ലയിലെ സാംസ്കാരിക കേന്ദ്രത്തെക്കുറിച്ചെങ്കിലും നമുക്ക് മനസ്സിലാക്കാൻ കഴിയേണ്ടതുണ്ട്.

- കേരളകലാമണ്ഡലം
- സാഹിത്യ അക്കാദമി
- ലളിതകലാ അക്കാദമി
- സംഗീത നാടക അക്കാദമി
- പുരാവസ്തു മ്യൂസിയം
- സ്കൂൾ ഓഫ് ഡ്രാമ
- ഫൈനാർട്സ് ഇൻസ്റ്റിറ്റ്യൂട്ട്
- ചുമർചിത്ര പഠനകേന്ദ്രം (ഗുരുവായൂർ)

**ചരിത്ര സ്മാരകങ്ങൾ/സ്ഥലങ്ങൾ**

- കൊടുങ്ങല്ലൂർ (മുസ്രീസ്)
- ചാലക്കുടി തടികേന്ദ്രം
- കൃഷ്ണകോട്ട /നെടുങ്കോട്ട
- കൊടുങ്ങല്ലൂർപ്പള്ളി
- എയ്യൽ, അരിയന്നൂർ, പോർക്കളം(തൊപ്പിക്കല്ലുകൾ, കുടക്കല്ലുകൾ)
- ചേരമാൻ ജുമാമസ്ജിദ്
- സെന്റ്.തോമസ് ചർച്ച് പാലയൂർ
- മാള ജൂതപള്ളി
- ലൂർദ് പള്ളി (East Fort )
- കൊല്ലംങ്കോട് ഹിസ്റ്റോറിക്കൽ ആന്റ് കൾച്ചറൽ മ്യൂസിയം
- ചേറ്റുവ കോട്ട

- **ചരിത്രസാംസ്കാരിക സാഹിത്യ നായകർ**

- രാമവർമ്മ അപ്പൻ തമ്പുരാൻ
- ശക്തൻ തമ്പുരാൻ
- കൊടുങ്ങല്ലൂർ കുഞ്ഞുകുട്ടൻ തമ്പുരാൻ
- പുത്തേഴത്ത് രാമൻമേനോൻ
- ജോസഫ് മുണ്ടശ്ശേരി
- സി. അച്യുതമേനോൻ

- ഇക്കണ്ട വാര്യർ
- കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്
- രാമുകാര്യാട്ട്
- പി. ഭാസ്കരൻ
- ഭരതൻ
- ജോൺസൺ
- പി. രാമദാസ്
- പ്രേംജി
- എം.ആർ.ബി
- ശോഭന പരമേശ്വരൻ
- കുഞ്ഞുണ്ണിമാഷ്
- മുല്ലനേഴി

- **കൃഷിയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ**

- കൃഷിപ്പാട്ടുകൾ
- കൃഷിച്ചൊല്ലുകൾ
- നാടൻപാട്ടുകൾ/കഥകൾ
- കൃഷിയുമായി ബന്ധപ്പെട്ട നാടൻ പദങ്ങൾ (ശേഖരണം)

- **അഭിമുഖം**

- കേരളപ്പിറയുടെ നേരനുഭവങ്ങൾ പറയാൻ പറ്റുന്നവരുമായി അഭിമുഖം

**വിനോദ സഞ്ചാര കേന്ദ്രങ്ങൾ**

- ചിമ്മിനി വന്യമൃഗസംരക്ഷണകേന്ദ്രം
- അതിരപ്പിള്ളി
- വാഴച്ചാൽ
- പീച്ചി
- വാഴാനി
- തുമ്പോർമൂഴി
- പൂമല ഡാം
- സ്നേഹതീരം (കടൽതീരം)
- ആനക്കോട്ട
- വിലങ്ങൻകുന്ന്
- തൃശ്ശൂർ മ്യൂസിയം
- മരോട്ടിച്ചാൽ വെള്ളച്ചാട്ടം

**കേരളവുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ /കഥകൾ**

- കഥകൾ
- കവിതകൾ
- ഗാനങ്ങൾ ( സിനിമ, ലളിതഗാനം തുടങ്ങിയവ)

## പ്രവർത്തന രൂപരേഖ

നവംബർ 1 കേരളപ്പിറവി ദിനമായും മലയാളദിനമായും ആഘോഷിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ഡയറ്റ് പൈതൃകം 2014 എന്ന പേരിൽ, കേരളവുമായി ബന്ധപ്പെട്ട പ്രവർത്തന മേഖലകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള രൂപരേഖ താഴെക്കൊടുക്കുന്നു.

- ഈമേഖലകളുമായി ബന്ധപ്പെട്ട് സ്കൂൾ എസ്. ആർ.ജി.യിൽ ആദ്യമായി ആശയരൂപീകരണം നടത്തുകയും പ്രവർത്തന രൂപരേഖ തയ്യാറാക്കുകയും ചെയ്യേണ്ടതുണ്ട്.
- ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ട വിധത്തിലാവണം ആസൂത്രണം നടത്തേണ്ടത്.
- പഠനാനുബന്ധ പ്രവർത്തനം എന്ന നിലയിൽ പാഠപുസ്തകവുമായും വിഷയമേഖലകളുമായും ബന്ധപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണം.
- ഇഷ്ടപ്പെട്ട ഏതെങ്കിലും രണ്ടു മേഖലകൾ തെരഞ്ഞെടുത്ത് പ്രവർത്തനാസൂത്രണം നടത്തി നവം.31 നകം പൂർത്തീകരിക്കണം.

❖ **മേഖല : ചരിത്രപ്പതിപ്പുകളിലേക്ക്**

കേരളത്തിന്റെ ചരിത്രാന്വേഷണത്തിലേക്ക് വെളിച്ചം വീശുന്നതിനുള്ള ഉപാധി എന്ന നിലയിൽ 'ചരിത്രത്തിലേക്കൊരെത്തി നോട്ടം' എന്ന ഭാഗം പ്രയോജനപ്പെടുത്തുകയും ചരിത്രപുസ്തകങ്ങളും മറ്റും റഫറൻസായി ഉപയോഗിച്ചുകൊണ്ടും, കേരളപ്പിറവിയുടെ പ്രാധാന്യം ബോധ്യപ്പെടുന്ന തരത്തിൽ പതിപ്പുകളാക്കാവുന്നതാണ്. ഇതിൽ കേരളത്തിലെ ചരിത്ര സാംസ്കാരികനായകൻമാരുടെ ജീവചരിത്രങ്ങൾ, ചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്തുകയും ചെയ്യാം.

❖ **ശ്രേഷ്ഠഭാഷാപദവി**

ഭാഷയുടെയും സാഹിത്യത്തിന്റെയും പ്രാധാന്യം മനസ്സിലാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാവുന്നതാണ്. എങ്ങനെയാണ് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതെന്നറിയുന്നതിനുള്ള റഫറൻസായിട്ടാണ് 'മലയാളിയും ശ്രേഷ്ഠഭാഷാപദവിയും' എന്ന ഭാഗം നൽകിയിട്ടുള്ളത്.

❖ മലയാളഭാഷാപഠനവുമായി ബന്ധപ്പെടുത്തിവേണം ഇത്തരം പ്രവർത്തനങ്ങൾ ആസുത്രണം ചെയ്യാൻ.

- കവികളെയും എഴുത്തുകാരെയും പരിചയപ്പെടുത്തൽ / അവരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ.
- പ്രാദേശികമായ എഴുത്തുകാരെ പങ്കെടുപ്പിച്ചുള്ള സാഹിത്യ പരിപാടികൾ തുടങ്ങിയപ്രവർത്തനങ്ങൾ ആലോചിക്കാം.
- സാഹിത്യ ക്വിസ് - കുട്ടികൾക്ക് ചോദ്യോത്തരങ്ങൾ ശേഖരിച്ച് ഗ്രൂപ്പടിസ്ഥാനത്തിൽ ചോദ്യോത്തരപ്പയറ്റുകൾ നടത്താം. ഇവ ക്രോഡീകരിച്ച് പതിപ്പുകൾ തയ്യാറാക്കാം.

❖ **മിത്തുകൾ, ഐതിഹ്യങ്ങൾ**

ഓരോ പ്രദേശത്തും പുരാവൃത്തകഥകളും ഐതിഹ്യകഥകളും കണ്ടെത്താനുള്ള അവസരമാണ് കുട്ടികൾക്ക് നൽകേണ്ടത്. ഐതിഹ്യമാലയിലെയും മറ്റും കഥകൾ വളരെ രസകരമാണ് അത് വായിച്ചു കേൾപ്പിച്ച് ഇതിന്റെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്താം. കുട്ടികൾ ശേഖരിച്ചവ വിദ്യാരംഗം കലാസാഹിത്യ പരിപാടിയിൽ അവതരിപ്പിക്കുകയും സ്കൂളിൽ പതിപ്പുകളായി രൂപപ്പെടുത്തുകയും ചെയ്യാം

❖ **സ്ഥലനാമ പഠനം**

കേരള ചരിത്ര പഠനത്തിലേക്ക് ധാരാളം വെളിച്ചം വീശുന്ന കണ്ടെത്തലുകളാണ് സ്ഥലനാമ പഠനത്തിലൂടെ നമുക്ക് ലഭിക്കുന്നത്. ഓരോ പ്രാദേശിക പേരുകളും രൂപപ്പെടുന്നതിനു പിന്നിൽ ധാരാളം കഥകളും പറയാനുണ്ടാവും. സ്കൂളും പരിസരവുമായി ബന്ധപ്പെട്ട് അഞ്ചോ

പത്തോ സ്ഥലനാമങ്ങൾ ഒരു കുട്ടിക്കോ ഗ്രൂപ്പിനോ നൽകി അന്വേഷിക്കാൻ നൽകാവുന്നതാണ്. ഇതിന്റെ അവതരണം PTA യിലോ MPTA യിലോ CPTA യിലോ നടത്തിയതിനുശേഷം അവർക്ക് പറയാനുള്ളതുകൂടി കൂട്ടിച്ചേർത്ത് സ്ഥലനാമ പഠനകോശം തയ്യാറാക്കാവുന്നതാണ്.

- **ഉത്സവാഘോഷങ്ങൾ**

കുട്ടികൾ ധാരാളം ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കുന്നവരാണ്. ഇതിന്റെ പ്രത്യേകതകളും ചരിത്രവും അറിയാതെയാണ് നമ്മൾ പലരും ഇതിൽ പങ്കെടുക്കുകയോ കാണുകയോ ചെയ്യുന്നത്. ഉദാഹരണമായി തൃശൂർ പൂരത്തെക്കുറിച്ചും കുമ്മാട്ടിക്കളിയെക്കുറിച്ചും എത്രപേർക്ക് പറയാനാവും? ഈയൊരന്വേഷണമാണ് കുട്ടികൾ നടത്തേണ്ടത്. ഉത്സവാഘോഷപ്പതിപ്പുകളായി നമുക്ക് രൂപപ്പെടുത്താവുന്നതാണ്.

- **കലാസാംസ്കാരിക കേന്ദ്രങ്ങൾ (അഭിമുഖം, വിവരശേഖരണം)**

തൃശൂർ ജില്ലയിലെ കലാകേന്ദ്രങ്ങളിലേക്ക് ഒരു യാത്ര നടത്തുകയും കേന്ദ്രത്തിലെ തലവനുമായി അവരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അഭിമുഖം നടത്തുകയുമാവാം. ഇത്തരം നേരനുഭവങ്ങൾ കുട്ടികൾക്ക് ലഭിക്കേണ്ടതുണ്ട്.

- **ചരിത്രസ്മാരകങ്ങൾ (ചരിത്രയാത്രക്കുറിപ്പുകൾ)**

ചരിത്രസ്മാരകങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചതിനുശേഷം ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് യാത്രയുമാവാം. പ്രാദേശികയാത്രകൾ ചരിത്രാന്വേഷണത്തിനുകൂടിയുള്ളതാവണം

- **ചരിത്രസാംസ്കാരിക സാഹിത്യനായകർ (ജീവചരിത്രക്കുറിപ്പുകൾ)**

തൃശൂരിന്റെ വളർച്ചയ്ക്കും വികാസത്തിനും വേണ്ടി ജീവിച്ച മഹത് വ്യക്തികളെക്കുറിച്ചുള്ള ജീവചരിത്രാന്വേഷണപഠനവുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ജീവചരിത്രപതിപ്പുകൾ രൂപപ്പെടുത്തുമല്ലോ.

- **വിനോദ സഞ്ചാരകേന്ദ്രങ്ങൾ (യാത്രാവിവരണം)**

നിങ്ങളുടെ ഏറ്റവും അടുത്തുള്ള വിനോദസഞ്ചാരകേന്ദ്രത്തിലേക്ക് യാത്രപോവുകയും കുട്ടികളെക്കൊണ്ട് മനോഹരമായ യാത്രാവിവരണം എഴുതാൻ ആവശ്യപ്പെടുകയും ചെയ്യാം. യാത്രക്കു മുൻപ് മികച്ച യാത്രാ വിവരണങ്ങൾ പരിചയപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ.

കേരളവുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ / കഥകളുടെ, സിനിമാഗാനങ്ങൾ, ലളിതഗാനങ്ങൾ എന്നിവയുടെ ശേഖരണവും ആലാപനവും (പതിപ്പുകൾ തയ്യാറാക്കാം)

സഹായകഗ്രന്ഥങ്ങൾ

1 കേരള ചരിത്രം 2.കേരളത്തിന്റെ സാസ്കാരിക ചരിത്രം 3. കേരളത്തിന്റെ ഇന്നലെകൾ 4. കേരള സംസ്കാരം 5. മലയാളം ക്ലാസ്സിക് ഭാഷ -പഴക്കവും വ്യക്തിത്വവും.